പ്രൈമറി മിഡിൽ സ്കൂൾ ഇൻസ്പെക്ടർ

*ക ൦ ൭. (൪൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട് താലൂക്കിൽ പ്രൈമറി ആൻറ് മിഡിൽ സ്കൂൾ ഇൻസ്പെക്ടറെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരോപണങ്ങൾ എന്തു;

(സി) അതിനെ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു.

(ബി) പ്രധാനമായി ഗ്രാൻറ് സ്കൂൾ മാനേജ്മെൻറുമായിട്ടുള്ള കത്തിടപാടുകളും പെരുമാറ്റവും അഭിപ്രായവിത്യാസമോ നിന്ദാപരമോ ആണെന്നാണ്.

(സി) വേണ്ട അന്വേഷണം നടത്തി. ഇൻസ്പെക്ടരുടെ നടപടികളിൽ പ്രതിഷേധാർഹമായി യാതൊന്നും കണ്ടില്ല. എന്നാലും ഇൻസ്പെക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു.

ഗ്രാമീണറോഡ്

*ക ൦ വ. (൪൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാമീണറോഡുകളെപ്പറ്റി വേണ്ടതു ചെയ്യുവാൻ നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ ഇതിനകം എന്തുചെയ്തു;

(ബി) ഗ്രാമീണറോഡുകൾ എല്ലാം ഗവൺമെണ്ടിൽനിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സ്പെഷ്യലാഫീസർ ഗ്രാമീണറോഡുകളുടേയും റയട്ട്സ് റോഡുകളുടേയും സർവ്വെ നടത്തിയതിനുശേഷം ആവശ്യമുള്ള ലിസ്റ്റുകൾ തയാറാക്കിക്കഴിഞ്ഞു. ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ബി) ബഡ്ജറിലെ തുക അനുവദിക്കുന്നിടത്തോളം ഗ്രാമീണറോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതും സംരക്ഷണം ഗവൺമെണ്ടു കീഴിലാക്കുന്നതുമാണ്.

തോട്ടം തൊഴിലാളികളുടെ ശമ്പളവും ജോലിയും

ക ൦ ൯. (൪൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തോട്ടം തൊഴിലാളികളുടെ കൂലി കുറവു പരിഹരിക്കുന്നതിനും ജോലി സ്ഥിരത നൽകുന്നതിനുംവേണ്ടി ഗവൺമെണ്ടു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും പറയുമോ.—

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തോട്ടം തൊഴിലാളികളുടെ കൂലിയിൽ അടുത്തകാലത്തെങ്ങും കുറവുവരുത്തിയിട്ടില്ല. ഫെർവ്വ മേയ്മാസത്തിനുശേഷം റബ്ബർതോട്ടം തൊഴിലാളികൾക്ക് പ്രതിദിനം രണ്ടണ വീതവും തേയിലത്തോട്ടം തൊഴിലാളികൾക്ക് പ്രതിദിനം മുന്നര അണ വീതവും ഡിയർനസ് അലവൻ

LIBRARY ARCHIVES Kerala Legislative Assembly

സ കൂട്ടിയിട്ടുണ്ട്. കൂടാതെ മത്സ്യതീർപ്പുകൽ മുഖാന്തരവും മറ്റും ചെറിയ തോട്ടങ്ങളിലെ കുലിയും വർദ്ധിക്കുന്നുണ്ട്. ഓരോ തോട്ടത്തിലും തൊഴിലാളികൾക്കു ജോലി സ്ഥിരത നൽകുന്ന കാര്യത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കുന്നു. ഓരോ വർഷത്തിലും പഴയ തൊഴിലാളികളെത്തന്നെ വീണ്ടും രജിസ്റ്റർ ചെയ്യുകയാണ പതിവു്. പ്രതിവർഷമുള്ള സെറ്റിൽമെൻറ് ഏർപ്പാട നിറുത്തുവാൻ തോട്ടം ഉടമകളോട ലേബർ ഡിപ്പാർട്ടുമെൻറ ആവശ്യപ്പെട്ടുന്നതാണ്.

ടാൻസ്പോർട്ട ബസ്സുകളിലെ പരസ്യം

*൧൧൦. (൫൧) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ടാൻസ്പോർട്ട വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്പോർട്ട ബസ്സുകളിൽ വച്ചിരിക്കുന്ന ഡിപ്പാർട്ടുമെണ്ടുവക പരസ്യങ്ങളല്ലാത്തവയ്ക്കു എന്തെങ്കിലും ആദായം പരസ്യക്കാരിൽനിന്നും ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരസ്യങ്ങൾക്കു ൧൯൫൭-ൽ എന്തു തുക വരുമെണ്ടിനു ലഭിച്ചു?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ ജോൺ ഫിലിപ്പോസ്): (എ) ൧൯൫൭ അവസാനംവരെ പരസ്യക്കൂലി ഈടാക്കിവന്നു. അതിനുശേഷം പുറമെ നിന്നും ഉള്ള പരസ്യങ്ങളും ബസ്സിൽ വയ്ക്കാറില്ല,

(ബി) ൫൭൯ ബാധകമല്ല.

APPOINTMENT OF TEACHERS

***111.** [52] **Sri. A. K. George:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) has a recent notification been published by the Director of Public Instruction published in the State Gazette calling for applications for posts of teachers in private secondary schools;

(*b*) if so, is the Director of Public Instruction competent to issue such a notification under the new secondary education scheme the details of which have been embodied in the Government Press Note, dated 2nd November 1950;

(*c*) if not, has the Government enquired into the reasons for such a step taken by the Director;

(*d*) has the Government already taken steps to prevent such steps hereafter?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) The notification issued by the Director of Public Instruction is not under the new Scheme of Revision of salaries of the Secondary School teachers.

(*c*) and (*d*) Do not arise in view of answer to part (*b*).

VICE-CHANCELLOR

***112.** [55] **Sri. Eapen Arackal:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) the reasons for the resignation of Mr. Nandan Menon, the Vice-Chancellor;

(*b*) the term of his appointment and the salary he was drawing as Vice-Chancellor;

(*c*) do the Government intend to appoint any one as Vice-Chancellor;

LIBRARY ARCHIVES Kerala Legislative Assembly